# എൻെറ കാവ്യസുന്ദരി

(പഴയകാല രചനകൾ – ഇമലയാളിയിൽ വായിക്കുക)



**വാസുദേവ് പുളിക്കൽ**

ഒരു നിശാഗന്ധി പുഷ്പത്തിൻ
ഉന്മാദഗന്ധംപോലെ
ആയിരം മൂക്കുത്തിയിട്ടപ്സരസ്സുകൾ
ആരെയോ കാക്കുമീ രജതരജനിയിൽ
കൈകൊട്ടിപ്പാട്ടും പാടിയെൻ മുന്നിലെത്തു–
ന്നെൻെറ പ്രിയമുള്ളവൾ, കാവ്യനർത്തകി, മനോജ്ഞാംഗി,
എൻെറ ഹൃൽസ്പന്ദനംപോലെ, എൻെറ കല്പനപോലെ
കാൽത്തളയിളക്കിയാ കാമിനി വരവായ്
തങ്കനൂപുരങ്ങളും സ്വർണ്ണകങ്കണങ്ങളും
തൂലിക മുക്കാൻ കലാഭംഗിതൻ കലശവും
മലയാളഭാഷതൻ പുളകപ്പൂനാമ്പും ചൂടി
സർഗ്ഗകൗതുകത്തിൻെറ വിരിഞ്ഞ മാമ്പു ചൂടി
സത്യശിവസൗന്ദര്യത്തിൻ പൊരുളായ്
നവ്യഹർഷമിയന്നൊരു ഹരിത തളിരായ്
മഞ്ജുളാർദ്രയായ് മതിമോഹനച്ചുവടുമായ്
സാനന്ദമടുക്കുന്നു സുസ്മിതദീപം കാട്ടി
തുടിക്കും ഹൃദയത്തിൽ പഞ്ചാരിമേളം കൊട്ടി
അവൾക്കായ് ഒരു പൂരം ഞാനൊരുക്കുമ്പോൾ,
തൊട്ടുതൊട്ടെന്നപോലെ ചാരത്തേക്കണയുന്നു, പക്ഷേ,
തിടുക്കം കാട്ടി എന്നെ വിട്ടകലുന്നു മെല്ലെ.
കയ്യെത്തിപ്പിടിക്കാൻ ഞാനൊട്ടു ശ്രമിക്കുമ്പോൾ
ഊർന്നുവീണിടുന്നെൻ തൂലികയപ്പോൾ താഴെ.